ബുദ്ധിമുട്ടുന്നതുകൊണ്ടാണ് രണ്ടാമത്തെ റോഡ് എം.എൽ.എ. റോഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ പണി ഉടനടി ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. മഴ പെയ്തതുകൊണ്ട് ടാറിംഗ് ചെയ്യാൻ കഴിഞ്ഞില്ലായെന്നു മാത്രമേയുള്ളൂ. രണ്ടാമത്തെ റോഡിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക്, ആ റോഡിന്റെയും ആ പാലത്തിന്റെയും പണി ആരംഭിക്കുന്നതാണ്.

14. ഗ്രാമവികസന പദ്ധതിയനുസരിച്ച് ലോണെടുത്തവരുടെ മേലുള്ള റിക്കവറി നടപടി

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് തൽക്കാലം ഞാൻ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ഐ.ആർ.ഡി.പി. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ കടം, നാൽക്കാലി വാങ്ങാനുള്ള കടം, വ്യാപാര കടം, പെറുകിട വ്യവസായ കടം, ബാർബർ ഷോപ്പ് തുടങ്ങുന്നതിനുള്ള കടം, ജീവനോപാധി സമ്പാദിക്കാനുള്ള കടം ഇങ്ങനെയുള്ള കടങ്ങളും എടുത്തിട്ടുള്ള ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകളും നമ്മുടെ നാട്ടിൽ റിക്കവറി നടപടികളും ചെയ്തു കഴിയുകയാണ്. റിക്കവറി നടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നതിനുവേണ്ടി എല്ലാ ആഫീസുകളിലും ഈ ആളുകളുടെ തള്ളിക്കയറ്റം ഇന്നു നടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നത് തൽക്കാലം, പാവപ്പെട്ടവരുടെ മേലുള്ള ഈ റിക്കവറി നടപടികളും നിറുത്തിവയ്ക്കണമെന്നാണ്.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അങ്ങനെ നിറുത്തി വയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. സാധാരണ ഗതിയിൽ അങ്ങനെ ചെയ്യാനുള്ള നടപടിക്രമം ഇല്ല. എന്നിരുന്നാലും ഇങ്ങനെ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യങ്ങളിൽ അവർക്ക് ലോൺ തിരിച്ചടക്കാനുള്ള സാവകാശം കൊടുത്തിട്ടുണ്ട്. എസ്.ടി., എസ്.സി. കാറ്റഗറിയിലോ മറ്റു ബാക്ക്വേഡ് ക്ലാസ്സുകളിലോ ഉൾപ്പെടുന്ന ആളുകൾ ഈ പണം അടയ്ക്കാതിരുന്നാൽ അത് റൈറ്റ് ഓഫ് ചെയ്യാനുള്ള പ്രൊവിഷനൊന്നും നമുക്കില്ല. അതിന് താൽക്കാലികമായ സാവകാശം കൊടുക്കാം. വരൾച്ച ബാധിച്ച പ്രദേശത്ത് മാത്രം 31-12-1986 വരെയുള്ള എല്ലാ റിക്കവറി നടപടികളും നിറുത്തി വച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽ അങ്ങനെ ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്.

15. നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കേരളത്തിലെ നിർദ്ദിഷ്ട സംസ്കൃത സർവ്വകലാശാല പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്കൃതത്തിന്റെയും മലയാള ഭാഷയുടേയും പ്രചരണത്തിനും വികസനത്തിനും വേണ്ടി തന്റെ സർവ്വസ്വവും വിനിയോഗിച്ച ശ്രീമാൻ പുന്നശ്ശേരി നീലകണ്ഠ ശർമ്മയുടെ

LIBRARY ARCHIVES Kerala Legislative Assembly

ജന്മം കൊണ്ട് പവിത്രമായ പ്രദേശമാണ് പട്ടാമ്പി. ഒരു നൂറ്റാണ്ടു മുൻപ്, ജാതിയും മതവും അയിത്തവും അനാചാരവും യാഥാസ്ഥിക ചിന്തകളും കൊടികുത്തിവാണിരുന്ന കാലഘട്ടത്തിൽ ഹരിജനങ്ങൾക്കും മുസൽമാനും ക്രിസ്ത്യാനികൾക്കും എല്ലാം ഒന്നിച്ചിരുന്ന് സംസ്കൃതം പഠിക്കാൻ അവസരം സൃഷ്ടിച്ചുകൊടുത്ത മഹാനായിരുന്നു ഗുരുനാഥൻ എന്ന് അറിയപ്പെടുന്ന പുന്നശ്ശേരി നമ്പി. പട്ടാമ്പിയിലും കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും സംസ്കൃത പാഠശാലകൾ സ്ഥാപിച്ചിരുന്ന മഹാനായിരുന്നു അദ്ദേഹം. അതുകൊണ്ട് പുന്നശ്ശേരി നമ്പിയുടെ സേവനങ്ങൾ കണക്കിലെടുത്ത് അദ്ദേഹത്തിന്റെ പേരിൽ പട്ടാമ്പിയിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സംസ്കൃത ഭാഷയ്ക്ക് വളരെ വിലപ്പെട്ട സംഭാവന നൽകിയ ആളാണ് ശ്രീ. നീലകണ്ഠശർമ്മ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെയാണ് പട്ടാമ്പിയിൽ ഒരു സംസ്കൃത കോളേജ് പ്രവർത്തിക്കുന്നത്. അതുപോലെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ പ്രധാനമുള്ളതാണ് അദ്ദൈത പ്രചാരകനായ ശ്രീ. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി. അവിടെ ഗവൺമെന്റ് ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആ സംസ്കൃത സർവ്വകലാശാല ഈ വർഷം തന്നെ സ്ഥാപിക്കുന്നതാണ്. ഗവൺമെന്റുതന്നെ ശ്രീ. പി. കെ. നാരായണപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചപ്പോൾ, അതിൽ ഗവൺമെന്റ് നൽകിയിരുന്ന നിർദ്ദേശം കാലടിയിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനാണ്. ആ നിലയ്ക്കാണ് അദ്ദേഹം റിപ്പോർട്ട് നൽകിയിരിക്കുന്നത്. ബഹുമാനപ്പെട്ട ഇസ്മയിലും കേന്ദ്രമന്ത്രി കെ. ആർ. നാരായണനുമെല്ലാം ഇത് പട്ടാമ്പിയിൽ സ്ഥാപിക്കണമെന്ന ഒരു അഭ്യർത്ഥന ഗവൺമെന്റിന്റെ മുമ്പാകെ വച്ചിട്ടുണ്ട്. സാങ്കേതികമായി ഈ ബുദ്ധിമുട്ടുകളാണ് നിലവിലുള്ളത്.

16. കിളിമാനൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പകൽക്കുറിയിൽ നടന്ന റസീനയുടെ കൊലപാതകം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, സ്ത്രീധനം കുറഞ്ഞുപോയതുകൊണ്ട് നടന്ന ഒരു കൊലപാതകത്തെ സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. എന്റെ നിയോജകമണ്ഡലത്തിൽ പകൽക്കുറി, താഴത്തുവീട്ടിൽ മേലതിൽ അബ്ദുൽ സലാമിന്റെ മകൻ നാസർ വർക്കല കിഴക്കേപ്പുറം നബീസ മാൻസിലിൽ അലി അഹമ്മദിന്റെ മകൾ ബേബീ റസീനയെ 12-9-1985-ൽ വിവാഹം ചെയ്യുകയും എന്നാൽ അധികനാൾ കഴിയും മുൻപുതന്നെ ആ ദമ്പതികൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലാതാകുകയും ചെയ്തു. അയൽക്കാർക്ക് പലപ്പോഴും ഈ കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 7-6-1986-ൽ റസീനയെ അവശനിലയിൽ കൊട്ടിയം ഹോളി ക്രോസ് ആശുപത്രിയിലും പിന്നീട് കൊല്ലം ജില്ലാ ആശുപത്രിയിലും അതിനു ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയുണ്ടായി. മരണപ്പെട്ട റസീനക്ക് ഭർതൃഗൃഹത്തിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെ കഥകൾ പറയുന്ന ഡയറിക്കുറിപ്പുകൾ ആരെയും വേദനി

LIBRARY ARCHIVES Kerala Legislative Assembly